# കേരള നിയമസഭ
# 05.07.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലായ് 5, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും |
| രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

## റോഡുകളുടെ റബ്ബറൈസ്ഡ് ടാറിംഗ്

*541 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ റോഡുകളും റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) റോഡുകളുടെ ടാറിംഗിൽ ഗുണനിലവാരം നിലനിർത്തുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾ

*542 ശ്രീ. റ്റി. എൻ. പ്രതാപൻ
'' വി. പി. സജീന്ദ്രൻ
'' എം. എ. വാഹീദ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾ തീർപ്പ് കൽപ്പിക്കാൻ എന്തെല്ലാം കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര പരാതികളിൽ തീർപ്പ് കൽപ്പിക്കുകയുണ്ടായി; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പരാതികൾ നൽകാനും തീർപ്പ് കൽപ്പിക്കുവാനും ഏതെല്ലാം സംവിധാനമാണ് ഒരുക്കിയത്;

(ഡി) ശേഷിക്കുന്ന പരാതികളിൽ സമയബന്ധിതമായി പരിഹാരം കാണാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

<u>അരിവില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

*543 ശ്രീ. കെ. കെ. നാരായണൻ
,, എസ്. രാജേന്ദ്രൻ
,, കെ. വി. വിജയദാസ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരിവില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടില്ല എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) റേഷൻ അരി വിഹിതം വെട്ടിക്കുറച്ചതും പൊതുവിതരണത്തിലെ പാളിച്ചകളും വൻതോതിൽ നടക്കുന്ന കരിഞ്ചന്തയും പൂഴ്ത്തിവെയ്പുമാണ് വില വർദ്ധനവിന് പ്രധാനകാരണമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) അരിവില വർദ്ധനവ് തടയുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച അരിക്കട പദ്ധതി ഇന്ന് നിലവിലുണ്ടോ; ഇതിലൂടെയുള്ള അരിവിതരണം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 05.07.2013-ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പ് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ

*544 ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
'' ജി.എസ്. ജയലാൽ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിയോഗിച്ച വിദഗ്ദ്ധ സമിതി റോഡുകളിൽ നിന്ന് വൈദ്യുത -ടെലിഫോൺ പോസ്റ്റുകൾ ഒഴിവാക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ സമിതിയുടെ മറ്റ് ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ശുപാർശ പ്രകാരം പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ നിന്നും എത്ര വൈദ്യുത - ടെലിഫോൺ പോസ്റ്റുകൾ മാറ്റേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ;

(സി) സമിതിയുടെ ശുപാർശ പ്രകാരം ഈ പോസ്റ്റുകൾ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലത്തിനകം നീക്കം ചെയ്യും; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവ നീക്കം ചെയ്യുന്നതോടു കൂടി തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് എന്തു സംവിധാനമാണ് ഏർപ്പെടുത്തുന്നതെന്ന്
വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

<u>വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി പത്താം ക്ലാസ്സ്</u>
<u>പരീക്ഷയിൽ ഇളവുകൾ നേടുന്നതിന് നിയന്ത്രണം</u>

*545 ഡോ. കെ. ടി. ജലീൽ
ശ്രീ. രാജു എബ്രഹാം
,, ബാബു എം. പാലിശ്ശേരി
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നവരിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ എണ്ണം കൂടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വിദ്യാർത്ഥികൾക്ക് എന്തെല്ലാം ഇളവുകളാണ് പരീക്ഷയിൽ നൽകുന്നത്;

(സി) വ്യാപകമായി, വ്യാജസർട്ടിഫിക്കറ്റുകൾ ഹാജരാക്കി ഇളവുകൾ നേടിയെടുത്ത് പരീക്ഷയിൽ ഉന്നതമായ വിജയം നേടിയെടുക്കുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം പ്രവർത്തനങ്ങൾ സംബന്ധിച്ച മറ്റ് വിദ്യാർത്ഥികളുടെ പരാതികൾ ലഭിച്ചിട്ടുണ്ടോ; ആശാസ്യമല്ലാത്ത ഇത്തരം പ്രവൃത്തികൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2013–ലെ മറുപടിക്ക്

<u>അണ്‍ എയ്ഡഡ് വിദ്യാലയങ്ങളിലെ</u>
<u>അദ്ധ്യാപക – അനദ്ധ്യാപക ജീവനക്കാരുടെ വേതനം</u>

*546 ശ്രീ. റ്റി. വി. രാജേഷ്
,, പി. ശ്രീരാമകൃഷ്ണന്‍
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അണ്‍ എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക–അനദ്ധ്യാപക ജീവനക്കാര്‍ക്ക് സര്‍ക്കാര്‍ പ്രഖ്യാപിച്ച വേതനം മാനേജ്മെന്റുകള്‍ നല്‍കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കില്‍ പരാതിയില്‍ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) വേതന വര്‍ദ്ധനവ് ആവശ്യപ്പെട്ടതിന്റെ പേരില്‍ ദീര്‍ഘകാലം സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ധ്യാപകരെ ജോലിയില്‍ നിന്നും നീക്കം ചെയ്യുന്നതായുള്ള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സ്ഥാപനങ്ങളിലെ അദ്ധ്യാപകര്‍ക്കും ജീവനക്കാര്‍ക്കും സര്‍ക്കാര്‍ പ്രഖ്യാപിച്ച വേതനവര്‍ദ്ധനവ് നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം</u>

*547 ശ്രീ. പി. കെ. ബഷീർ
'' കെ. എം. ഷാജി
'' പി. ഉബൈദുള്ള
'' വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡിഗ്രിതല പഠനത്തോടൊപ്പമുള്ള അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാമിൽ ഏതൊക്കെ തൊഴിലധിഷ്ഠിത കോഴ്സുകളാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടത്തിപ്പിനായി എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം തൊഴിലധിഷ്ഠിത കോഴ്സുകൾക്കും കോഴ്സ് പൂർത്തിയാക്കിയശേഷം നൽകുന്ന സർട്ടിഫിക്കറ്റിനും അംഗീകാരം നൽകുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തുന്നത് എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

<u>പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ</u>

*548 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘിച്ച എത്ര തോട്ടങ്ങളുണ്ട്; അവ ഏതെല്ലാം ;

(ബി) പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.07.2013–ലെ മറുപടിക്ക്

<u>മരാമത്ത് വകുപ്പിന് കീഴിലെ പരാതി സെല്ലിന്റെ പ്രവർത്തനം</u>

*549 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരാമത്ത് വകുപ്പിന് കീഴിൽ പരാതി സെൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്;

(സി) പി. ഡബ്ല്യു. ഡി. യുടെ കീഴിലുള്ള റോഡുകളേയും, കെട്ടിടങ്ങളേയും സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ എന്തെല്ലാം സംവിധാനം സെല്ലിൽ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പരാതികൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 05.07.2013–ലെ മറുപടിക്ക്

<u>സ്വയംഭരണം സംബന്ധിച്ച റിപ്പോർട്ട്</u>

*550 ശ്രീ. കെ. അജിത്
,, പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വയംഭരണം നടപ്പാക്കുന്നതിനെക്കുറിച്ച് നിയോഗിച്ച ഡോ. എൻ.ആർ.മാധവമേനോൻ കമ്മിറ്റി റിപ്പോർട്ട് എന്നാണ് സമർപ്പിച്ചത്;

(ബി) ഈ പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ മേഖലയെ സ്വാശ്രയവല്ക്കരിക്കുന്ന നടപടികളിൽ നിന്നും പിൻമാറുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2013–ലെ മറുപടിക്ക്

<u>ഭൂസംരക്ഷണ നിയമം കർശനമാക്കി റവന്യൂഭൂമി കയ്യേറ്റം തടയാൻ നടപടി</u>

*551 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. എൻ. എ. ഖാദർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ കർശനമാക്കിക്കൊണ്ട് 2009–ൽ നിയമം പാസ്സാക്കിയ ശേഷം റവന്യൂ ഭൂമി കയ്യേറ്റങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) റവന്യൂ പുറമ്പോക്ക് ഭൂമികളുടെ കസ്റ്റഡിച്ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(സി) പുറമ്പോക്ക് ഭൂമികളുടെ വിസ്തൃതി, അതിർത്തി എന്നിവ അടയാളപ്പെടുത്തിയ പ്ലാൻ എവിടെയൊക്കെ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥലങ്ങളിൽ സർക്കാർ വകയാണെന്നു കാണിക്കുന്ന സ്ഥിരം അടയാളം സ്ഥാപിച്ച ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നിരീക്ഷിച്ച് കയ്യേറ്റങ്ങൾ തടയാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 05.07.2013-ലെ മറുപടിക്ക്

## സപ്ലൈകോ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

*552 ശ്രീ.പുരുഷൻ കടലുണ്ടി
,, കെ.കെ.ജയചന്ദ്രൻ
,, ബാബു.എം.പാലിശ്ശേരി
ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ;

(ബി) ഗുണനിലവാരം കുറഞ്ഞ വസ്തുക്കളാണ് പൊതുവിതരണ ശൃംഖല വഴി സംസ്ഥാനത്ത് വില്പന നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടെണ്ടർ ലഭിച്ച ശേഷം കരാറുകാർ സപ്ലൈകോയിലെ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് ഗുണനിലവാരമില്ലാത്ത വസ്തുക്കൾ വിതരണം ചെയ്യുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം നടപടികളുടെ ഭാഗമായി എത്ര കേസുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വാങ്ങിയതിന് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സ്വീകരിച്ച നടപടി റദ്ദു ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
# 05.07.2013-ലെ മറുപടിക്ക്

<u>സ്കൂളുകളുടെ നിലവാരം</u>

*553 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍
'' പി. സി. ജോര്‍ജ്
'' റോഷി അഗസ്റ്റിന്‍
ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളുടെ നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയര്‍ത്തുന്ന തരത്തില്‍ പദ്ധതികള്‍ ആവിഷ്ക്കരിയ്ക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളുടെ വികസനമാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ;

(സി) ഈ ലക്ഷ്യത്തിലേക്ക് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു; ആയത് എപ്രകാരം സമാഹരിയ്ക്കാന്‍ ഉദ്ദേശിക്കുന്നു; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
# 05.07.2013-ലെ മറുപടിക്ക്

## സമൃദ്ധി കാർഷിക പ്രോൽസാഹന പദ്ധതി

*554 ശ്രീ. എം.പി. വിൻസെന്റ്
,, വി.ഡി. സതീശൻ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർഫെഡിന്റെ സമൃദ്ധി കാർഷിക പ്രോൽസാഹന പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പച്ചക്കറി വിളകളുടെ പ്രോൽസാഹനത്തിനും ഉൽപ്പാദന വർദ്ധനവിനും എന്തെല്ലാം ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

<u>ഗ്യാസ് പൈപ്പ്ലൈൻ പദ്ധതിക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി</u>

*555 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എസ്. ശർമ്മ
,, സി. കെ. സദാശിവൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് പൈപ്പ്ലൈൻ പദ്ധതിക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണ്;

(ബി) പദ്ധതി മൂലം ഭൂമി നഷ്ടപ്പെടുന്ന ജനവിഭാഗങ്ങളിൽ നിന്നും വൻ പ്രതിഷേധം ഉയർന്നിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സർവ്വേ നടപടികൾ നിർത്തി വെയ്ക്കേണ്ടി വന്നിട്ടുണ്ടോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടിക്ക് മുന്നോടിയായി ജനങ്ങളിൽ ബോധവല്ക്കരണം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ജനങ്ങളുടെ ശക്തമായ പ്രതിഷേധം അവഗണിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കാനാകുമെന്ന് കരുതുന്നുണ്ടോ;

(ഡി) പദ്ധതിയുടെ ഭാഗമായി കുടിഒഴിപ്പിക്കപ്പെടുന്നവർക്ക് സ്വീകാര്യമായ തരത്തിൽ പുനരധിവാസത്തിനും മതിയായ നഷ്ടപരിഹാരം നൽകുന്നതിനും പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ തയ്യാറാകുമോ; പാക്കേജ് പ്രഖ്യാപിക്കും വരെ ഭൂമി ഏറ്റെടുക്കലും സർവ്വേ നടപടികളും നിർത്തിവെക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

<u>സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ പരിശോധന</u>

*556 ശ്രീ. എം. ചന്ദ്രൻ
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം ആരംഭിച്ച ശേഷം സംസ്ഥാനത്ത് സ്കൂൾ കെട്ടിടം തകർന്ന് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിക്ക് പറ്റിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് സ്കൂൾ കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന നടപടി പൂർത്തിയായിട്ടുണ്ടോ;

(സി) തകർന്നുവീണ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോ;

(ഡി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ അദ്ധ്യയനം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ദുർബ്ബലമായ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ കെട്ടിടങ്ങളില്‍ അംഗവൈകല്യമുള്ളവര്‍ക്ക്<br>സുഗമമായി പ്രവേശിക്കുന്നതിന് സൗകര്യങ്ങള്‍</u>

*557 ശ്രീ. ലൂഡി ലൂയിസ്
,, അന്‍വര്‍ സാദത്ത്
,, എം. പി. വിന്‍സെന്റ്
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍ക്കാര്‍ കെട്ടിടങ്ങളില്‍ അംഗവൈകല്യമുള്ളവര്‍ക്ക് സുഗമമായി പ്രവേശിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഏര്‍പ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(ബി) പുതുതായി നിര്‍മ്മിക്കുന്ന സര്‍ക്കാര്‍ കെട്ടിടങ്ങള്‍ക്ക് ഇത്തരം സൗകര്യങ്ങള്‍ നിര്‍ബന്ധമാക്കുമോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) അംഗവൈകല്യമുള്ളവര്‍ ഉള്‍പ്പെടെയുള്ള സന്ദര്‍ശകര്‍ക്ക് പ്രാഥമിക സൗകര്യം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 05.07.2013-ലെ മറുപടിക്ക്

<u>കേരള ഭൂബാങ്ക് പ്രോജക്ട്</u>

*558 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമികളിലെ അനധികൃത കൈയ്യേറ്റങ്ങൾ അവസാനിപ്പിക്കുന്ന കാര്യത്തിൽ കേരള ഭൂബാങ്ക് പ്രോജക്ടിന്റെ കീഴിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദ വിവരം നൽകാമോ;

(ബി) സർക്കാർ ഭൂമികളുടെ പട്ടിക തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഭൂമിക്ക് അനധികൃത പട്ടയം നൽകിയ ഏതെങ്കിലും സംഭവങ്ങൾ പട്ടിക തയ്യാറാക്കലിനിടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അതു സംബന്ധിച്ച വിശദ വിവരം നൽകാമോ;

(ഡി) പട്ടിക തയ്യാറാക്കുന്നതിനൊപ്പം സർക്കാർ ഭൂമികളിൽ പൊതുജനങ്ങൾക്ക് കാണത്തക്കവിധം സ്ഥിരം അടയാളം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതി - നഷ്ടപരിഹാരം</u>

*559 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും, വീടുകൾ തകർന്നവർക്കും, സാരമായി പരിക്ക് ഏറ്റവർക്കും, കൃഷി വ്യാപകമായി നശിച്ചവർക്കും അർഹിക്കുന്ന നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാലവർഷ കെടുതികളിൽ നാശനഷ്ടം പരമാവധി കുറയ്ക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ ഇനിയും എടുക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം</u>

*560 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം. എ. ബേബി
,, കെ. സുരേഷ് കുറുപ്പ്
,, ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം സർവ്വകലാശാലകളിലാണ് വൈസ് ചാൻസലർ ഉൾപ്പടെയുള്ള ഉന്നതപദവികൾ ഒഴിഞ്ഞ് കിടക്കുന്നത്; എത്ര കാലമായി ഒഴിവ് വന്നിട്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പദവികളിൽ നിയമനം നടത്തുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ;

(ഡി) മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വൈസ് ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട് പരാതികൾ ഉയർന്നിട്ടുണ്ടോ; നിയമനം സംബന്ധിച്ച് യു.ജി.സി നിർദ്ദേശം എന്തായിരുന്നു; അത് പാലിക്കപ്പെട്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇത്തരം നടപടികൾ സർവ്വകലാശാലയുടെ നടത്തിപ്പിനേയും വിദ്യാർത്ഥികളുടെ ഭാവിയേയും ദോഷകരമായി ബാധിക്കുന്നതാണെന്ന കാര്യം അറിവുള്ളതാണോ;

(എഫ്) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2013–ലെ മറുപടിക്ക്

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ലാപ്സാകുന്ന തുക

*561 ശ്രീ. ഇ. പി. ജയരാജൻ
,, എ. കെ. ബാലൻ
,, എസ്. ശർമ്മ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച തുക ഓരോ പദ്ധതിക്കും പര്യാപ്തമായിരുന്നോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികൾക്ക് അനുവദിച്ച തുക വിനിയോഗിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ ; കാരണം വിശദമാക്കാമോ ;

(സി) മുൻ വർഷത്തെ ഫണ്ട് ചെലവഴിക്കാത്തതിന്റെ പേരിൽ ഈ സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് തുക കുറവ് വരുത്തിയിട്ടുണ്ടോ ;

(ഡി) പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുന്നതിന് വിനിയോഗിക്കേണ്ട ഫണ്ടുകൾ ലാപ്സാവുന്നത് ആവർത്തിക്കാതിരിക്കാനും ഫലപ്രദമായി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 05.07.2013-ലെ മറുപടിക്ക്

<u>കൈവശഭൂമിക്ക് പട്ടയം</u>

*562 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിലായശേഷം ജന്മിമാരിൽ നിന്ന് ഭൂമി വാങ്ങി കൈവശംവച്ച്, വീട് കെട്ടിയും കൃഷി ചെയ്തും വരുന്ന കർഷകരുടെ കൈവശഭൂമികൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതുമൂലം അവർ നേരിടേണ്ടിവരുന്ന ജീവൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പതിറ്റാണ്ടുകളായി ഭൂമി കൈവശമുളളവരും മറ്റു ഭൂമികളില്ലാത്തവരുമായ നാമമാത്ര ചെറുകിട കർഷകരുടെയും കുടികിടപ്പുകാരുടെയും ഭൂമി ഇപ്പോഴും മിച്ച ഭൂമിയെന്ന നിലയിൽ കൈകാര്യം ചെയ്യുന്ന പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതെന്താണെന്ന് വിശദമാക്കുമൊ;

(സി) ചെറുകിട നാമമാത്ര കർഷകർക്ക് അവരുടെ കൈവശം വന്നുചേർന്ന ഇത്തരം മിച്ച ഭൂമിയ്ക്ക് പട്ടയം നല്കാൻ തക്കവിധം ആവശ്യമെങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തുമോ ?

# കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

<u>സർക്കാർ വക തരിശുഭൂമികൾ വികസനോന്മുഖമാക്കുന്ന പദ്ധതി</u>

*563 ശ്രീ. കെ.എൻ.എ. ഖാദർ
,, റ്റി.എ. അഹമ്മദ് കബീർ
,, എം.പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക തരിശുഭൂമികൾ വികസനോന്മുഖമാക്കുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ അതിനായി അത്തരം ഭൂമിയുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) വിവരശേഖരണം പൂർത്തിയായിട്ടുണ്ടെങ്കിൽ ഓരോ ജില്ലയിലെയും ലഭ്യമായ ഭൂമിയുടെ അളവ് സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) ഈ ഭൂമിയെ ഏതൊക്കെ രീതിയിൽ വികസനോന്മുഖമാക്കാനാണ് ലക്ഷ്യമിടുന്നതെന്നും അതിനായി ഏതൊക്കെ ഏജൻസികളെ സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 05.07.2013-ലെ മറുപടിക്ക്

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

*564 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനും ഉപഭോക്തൃമേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും പദ്ധതി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് പദ്ധതിക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ കണക്കെടുപ്പ്</u>

*565 ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലുമായി ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകളിൽ ഈ അധ്യയന വർഷം മൊത്തം എത്ര വിദ്യാർത്ഥികൾ പഠനം ആരംഭിച്ചിട്ടുണ്ട്; ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്രത്തോളം വ്യത്യാസപ്പെട്ടിരിക്കുന്നു; വ്യക്തമാക്കുമോ;

(ബി) ഈ അധ്യയന വർഷം വിദ്യാർത്ഥികളുടെ എണ്ണം കുറവാണെങ്കിൽ അതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(സി) വിദ്യാർത്ഥികളുടെ കണക്കെടുപ്പ് നടത്തുന്നതിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 05.07.2013-ലെ മറുപടിക്ക്

<u>ഓൺ ലൈൻ പേയ്മെന്റ് ഗേറ്റ്‌വേ</u>

*566 ശ്രീ. വർക്കല കഹാർ
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഫീസിനങ്ങളും നികുതികളും അടയ്ക്കുന്നതിന് ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേ നടപ്പാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 05.07.2013-ലെ മറുപടിക്ക്

<u>വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം</u>

*567 ശ്രീ. കെ. മുരളീധരൻ
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 05.07.2013–ലെ മറുപടിക്ക്

<u>പ്രീ– പ്രൈമറി അദ്ധ്യാപകർക്ക് വർദ്ധിപ്പിച്ച വേതനം</u>

*568 ശ്രീ. എ. എം. ആരിഫ്
,, എളമരം കരീം
ശ്രീമതി കെ. കെ. ലതിക
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ പ്രീ– പ്രൈമറി അദ്ധ്യാപകർക്ക് സുപ്രീംകോടതി നിർദ്ദേശിച്ച വേതനം നൽകുന്നുണ്ടോ;

(ബി) വർദ്ധിപ്പിച്ച വേതനം യഥാസമയം നൽകാത്തതിന്റെ പേരിൽ സർക്കാരിനെതിരെ കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വർദ്ധിപ്പിച്ച വേതനം നൽകുന്നതിന് സർക്കാർ പുതിയ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഇത് സുപ്രീം കോടതി നിർദ്ദേശത്തിന് വിരുദ്ധമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ വേതന വർദ്ധന നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് നിലവിലുള്ള അദ്ധ്യാപികമാരുടെ എണ്ണം കുറക്കുന്നതിന് നീക്കം ആരംഭിച്ചിട്ടുണ്ടോ;

(എഫ്) തുച്ഛമായ വേതനത്തിൽ ജോലി ചെയ്യുന്ന പ്രീ– പ്രൈമറി അദ്ധ്യാപികമാരെ പിരിച്ചുവിടാനുള്ള നീക്കത്തിൽ നിന്നും പിന്മാറാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 05.07.2013-ലെ മറുപടിക്ക്

**ഗതാഗതക്കുരുക്ക് പരിഹരിക്കാനുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ**

*569 ശ്രീ. കെ. ശിവദാസൻ നായർ
,, എം.പി. വിൻസെന്റ്
,, ഐ.സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗതക്കുരുക്ക് പരിഹരിക്കാനുള്ള അടിസ്ഥാനസൗകര്യവികസന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അടിസ്ഥാനസൗകര്യവികസനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതികൾക്ക് ടോൾ പിരിവ് ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**05.07.2013-ലെ മറുപടിക്ക്**

മാവേലി ഹോട്ടലുകൾ പുനരാരംഭിക്കാൻ പദ്ധതി

*570 ശ്രീ. വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുളളക്കുട്ടി
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി ഹോട്ടലുകൾ പുനരാരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം ഏജൻസികളെയാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 26.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ് [ചട്ടം 47(1)].